(ബി) ഇവർ ആരെല്ലാം ; ഏതെല്ലാം തസ്തികകളിലാണ് ജോലി നോക്കുന്നത് ;

(സി) ഇവരുടെ പേരിൽ അന്വേഷണ ഏജൻസി സർവ്വീസിൽ നിന്നും സസ്പെൻഡു ചെയ്യുവാൻ ശുപാർശ ചെയ്തുവെങ്കിലും ഈ ശുപാർശ നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ് ;

(ഡി) ബന്ധപ്പെട്ട ഫയലുകളിൽ അടിയന്തിരമായി തീരുമാനം കൈക്കൊള്ളുമോ ?

ഉത്തരം

(എ) ആരും തന്നെ ഇല്ല

(ബി-ഡി) ചോദ്യം ഉദിക്കുന്നില്ല.

ക്ഷേത്രജീവനക്കാരെ കൊലപ്പെടുത്തിയ സംഭവം

94 (3284) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ പത്മതീർത്ഥക്കുളത്തിൽ ക്ഷേത്രജീവനക്കാരനെ പട്ടാപ്പകൽ കൊലപ്പെടുത്തിയ സംഭവം സംബന്ധിച്ച് സർക്കാരിന് ലഭിച്ച റിപ്പോർട്ടിന്റെ പൂർണ്ണരൂപം വ്യക്തമാക്കാമോ ;

(ബി) സംഭവം നടക്കുമ്പോൾ പോലീസും ഫയർ ഫോഴ്സും നിഷ്ക്രിയരായി നോക്കിനിന്നത് സംബന്ധിച്ച് എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) മരണപ്പെട്ട ശശികുമാരൻനായരുടെ കുടുംബത്തിന് സർക്കാർ സഹായം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) റിപ്പോർട്ട് പരിശോധിച്ചു വരികയാണ്.

(ബി) നിഷ്ക്രിയമായി നോക്കി നിന്നതായി അരോപിക്കപ്പെട്ട അഡീഷണൽ എസ്. ഐ. രാധാകൃഷ്ണൻ നായർ, പി.സി.റ്റി. 9100 രാജു, പി.സി.റ്റി. 8153 ശശികുമാർ, പി.സി.റ്റി. 8732 വിജയൻ എന്നീ പോലീസ് ഉദ്യോഗസ്ഥരേയും ഫയർ ഫോഴ്സ് ഉദ്യോഗസ്ഥരായ ചെങ്കൽചുള്ള ഫയർ സ്റ്റേഷനിലെ സ്റ്റേഷൻ ആഫീസർ ജി. വിക്രമൻ നായർ, ലീഡിംഗ് ഫയർമാർ എസ്. പുഷ്ക്കരൻ നായർ എന്നിവരേയും അന്വേഷണവിധേയമായി സർവീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതും എന്നാൽ ടി വിക്രമൻനായരുടെ സസ്പെൻഷൻ പുനഃപരിശോധിക്കണമെന്ന അപേക്ഷയിൻമേൽ വിശദമായ അന്വേഷണം നടത്തിയതിൽ ടിയാൻ കുറ്റക്കാരനല്ല എന്നുകണ്ട് സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കാൻ 22-2-2000 ത്തിൽ ഉത്തരവിട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മരണപ്പെട്ട ശശികുമാരൻ നായരുടെ കുടുംബത്തിന് 11-2-2000-ൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 30,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) മുകളിൽ (ബി) യിൽ പറഞ്ഞിരിക്കുന്ന നടപടികൾക്കു പുറമേ എച്ച്. സി.റ്റി. 6413, പിരുമുഹമ്മദ് പി.സി.ബി. 7480 മുരളീധരൻ, പി.സി.റ്റി. 9346 സുരേഷ്കുമാർ എന്നിവർക്കെതിരെ വാചകീയ അന്വേഷണം നടത്തുന്നതിന് എ.സി. നർക്കോട്ടിക് സെല്ലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

അറക്കപറമ്പിൽ ഭാസ്ക്കരന്റെ ദുരൂഹമരണം

95 (3285) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിൽ പള്ളിപ്പുറം വില്ലേജിൽ അറക്കപറമ്പിൽ ഭാസ്ക്കരന്റെ ദുരൂഹമരണത്തെക്കുറിച്ചുള്ള അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) 15-11-1992-ൽ ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് ഭാസ്കരനെ കുറയേടത്ത് പറമ്പിൽ ജനാർദ്ദനൻ സ്ഥലകച്ചവടത്തിന്റെ കാര്യം സംസാരിക്കുന്നതിന് വിളിപ്പിച്ചുകൊണ്ടുപോയതിന് ശേഷമാണ് കാണാതായത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കേസന്വേഷണം ഊർജ്ജിതപ്പെടുത്തി കുറ്റവാളികളെ കണ്ടുപടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് മാള പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ് യാദൃശ്ചികമായ മുങ്ങിമരണമായി ഫൈനൽ റിപ്പോർട്ടാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അന്വേഷണം നടത്തി യാദൃശ്ചികമായ മുങ്ങിമരണമായി ഫൈനൽ റിപ്പോർട്ടാക്കിയിട്ടുണ്ട്.

പോലീസ് സേനയുടെ സേവന വേതന പരിഷ്ക്കരണങ്ങൾ

96 (3286) ശ്രീ ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. എം. എ തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സേനയുടെ സേവന വേതന പരിഷ്ക്കാരങ്ങൾക്കും വർദ്ധനവിനും വേണ്ടി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly